വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർപ്രവർത്തനങ്ങളും

അടിസ്ഥാന പാഠാവലി- X

അമ്മത്തൊട്ടിൽ - 3

04-09-2020

- ◆ മുൻ ക്ലാസിൽ പറഞ്ഞ , ആദ്യ ഖണ്ഡികയിലെ ആശയങ്ങളും അതോടനുബന്ധിച്ച് നൽകിയ പ്രവർത്തനങ്ങളും ഓർമ്മപ്പെടുത്തി.

■ അമ്മ - വാങ്മയ ചിത്രം

■ പെരും മാൾ - പെരുമാൾ

- ◆ കവിതയിലെ മൂന്നാമത്തെ ഖണ്ഡിക ചൊല്ലിക്കേൾപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

- ◆ ജില്ലാശുപത്രിക്കരികിലൊരേയൊരു

..................................................

മനസ്സിലൂടപ്പോൾ കടന്നുപോയ്.

■ അമ്മയെ ഉപേക്ഷിക്കാനുള്ള ശ്രമം മകൻ തുടരുകയാണ്.

■ ജില്ലാശുപത്രിയുടെ അരികിലാണ് മകൻ അടുത്തതായി എത്തുന്നത്.

■ ആശുപത്രിക്ക് മുന്നിൽ രാത്രിയിൽ പ്രവർത്തിക്കുന്ന ഒരേയൊരു കടയും അവിടെ ഉറക്കച്ചടവുമായ് രണ്ടുമൂന്നാളുകളും ഉണ്ട്.

■ എങ്കിലും ആശുപത്രിയുടെ പിറകിൽ ഒഴിഞ്ഞ , ഇരുട്ടു മൂടിയ ഒരു സ്ഥലമുണ്ട്. അവിടെ അമ്മയെ ഉപേക്ഷിക്കാം എന്നാണ് മകൻ കരുതുന്നത്.

■ പക്ഷേ, അപ്പോൾ മകന്റെ മനസ്സിലേക്ക് മറ്റ് ചില ഓർമ്മകൾ കടന്നുവരുന്നു.

■ കുട്ടിക്കാലത്ത് തനിക്ക് പനിച്ചതും അമ്മ തന്നെയുമെടുത്ത് ആശുപത്രിയിലേക്ക് ഓടി വന്നതുമായ ഓർമ്മകൾ മകനിൽ നിറയുന്നു.

■ ആ ഓർമ്മ, കുട്ടിക്കാലത്ത് ശരീരത്തിൽ ഏറ്റ സൂചിയുടെ വേദന പോലെ മകന്റെ മനസ്സിനെ നീറ്റുന്നു.

■ അയാൾ അമ്മയെ അവിടെയും ഉപേക്ഷിക്കുന്നില്ല.

- ◆ മകനു വേണ്ടി എത്രയോ ദിവസം ഉറക്കമിളച്ചിരുന്ന അമ്മയുടെ പ്രതീകമാണ് രാത്രിയിൽ സജീവമായിരിക്കുന്ന രാക്കട .

- ◆ കുറിപ്പുകാരന്റെ കൂട്ടിച്ചേർക്കൽ:

- ◆ പടികളിലെന്തോ തടഞ്ഞുപോയ് :

ഇവിടെ 'പടി' എന്ന പദം കേവലം ആശുപത്രിയിലേക്കുള്ള ചവിട്ടുപടി എന്ന അർത്ഥത്തിൽ മാത്രമല്ല ഉപയോഗിക്കുന്നത്.അമ്മയെ ഉപേക്ഷിക്കാനുള്ള മകന്റെ ആലോചനയുടെയും

ഉദ്യമത്തിന്റെയും തുടക്കത്തിൽ തന്നെ മനസ്സിൽ വന്ന ഒരോർമ്മ അയാളെ അതിൽ നിന്നും തടഞ്ഞു എന്ന അർത്ഥത്തിൽ കൂടിയാണ്.

- സൂചിപ്രയോഗത്തിൻ നീറ്റൽ :

➢ നീറുക , നീറ്റൽ തുടങ്ങിയ പദങ്ങൾ ഹ്രസ്വകാലത്തേക്കുള്ള ഒരു വേദനയുടെ അവസ്ഥയെയല്ല കുറിക്കുന്നത്. ദീർഘകാലം നിലനിൽക്കുന്നതും ഇടയ്ക്കൊക്കെ സഹനീയവും ചിലപ്പോഴൊക്കെ അസഹനീയവുമാകുന്ന ഒരു നോവിന്റെ സൂചകമാണത്.

◆ മകനിലെ കുറ്റബോധത്തിന്റെ നീറ്റൽ കൂടിയാണത്. അമ്മ തനിക്ക് വേണ്ടി എത്രമേൽ കഷ്ടപ്പെട്ടിട്ടുണ്ട് എന്ന ഓർമ്മ അയാളുടെ മനസ്സിനെ നീറ്റുന്നു. ശരീരത്തിൽ കുട്ടിക്കാലത്ത് ഏറ്റ സൂചിയുടെ വേദനയേക്കാൾ മകനെ നോവിക്കുന്നത് ഓർമ്മകൾ കൊണ്ടെടുത്ത ആ കുത്തിവെപ്പാണ്.

◆ കവിതയിലെ നാലാമത്തെ ഖണ്ഡിക ചൊല്ലിയവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യു.

◆ പിന്നെയും മുന്നോട്ട് വെട്ടമില്ലാളില്ല

..................................................

➢ പെട്ടെന്നു വാഹനം മുന്നോട്ടു പോകയായ്.

■ അമ്മയെ ഇറക്കിവിടാനുള്ള പുതിയ ഇടം തേടി മകൻ യാത്ര തുടരുകയാണ്.
■ വെളിച്ചമില്ലാത്ത, ഏകാന്തമായ വിദ്യാലയ അങ്കണത്തിലാണ് അടുത്തതായി മകൻ എത്തുന്നത്.
■ അവിടെയും ചില ഓർമ്മകൾ  അമ്മയെ ഉപേക്ഷിക്കുന്നതിൽ നിന്നും മകനെ പിന്തിരിപ്പിക്കുന്നു.
■ സ്കൂളിൽ പോകാൻ സമ്മതിക്കാതെ കരഞ്ഞും, കുതറിയും, ശഠിച്ചും നിന്ന തന്നെ അമ്മ സ്കൂളിലേക്ക് കൂട്ടിക്കൊണ്ടു വന്നതും ; ക്ലാസിൽ ഇരുത്തിയതും , ഉച്ചയ്ക്ക് ക്ലാസ് വിടും വരെ അമ്മ സ്കൂൾ മതിലിന് പുറത്ത് തന്നെ കാത്തിരുന്നതും മകൻ ഓർക്കുന്നു. തന്നോടുള്ള അമ്മയുടെ  ആ കരുതലിന്റെ ഓർമ്മകൾ മകനെ വേദനിപ്പിക്കുന്നു.
■ അവിടെയും അമ്മയെ  ഉപേക്ഷിക്കാതെ മകൻ വാഹനം മുന്നോട്ടെടുക്കുന്നു.

◆ ബാല്യത്തിന്റെ  ഭാവങ്ങളെ വരികളിലേക്ക് ആവാഹിക്കാൻ കവി ഉപയോഗിച്ച സവിശേഷമായ പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്

■ കുട്ടിയേകാന്തത - ഏകാന്തതയാകുന്ന കുട്ടി
■ കണ്ണു പൊത്തിക്കളി
■ പൊട്ടിക്കരച്ചിൽ

■ ശഠിക്കൽ

■ കുതറൽ

■ പിച്ചൽ

- മകൻ അമ്മയെ ഉപേക്ഷിക്കാൻ പോകുന്ന ഇടങ്ങളെല്ലാം

ഏകാന്തവും
(വിജനം, ഒഴിവുകനത്ത , കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന, ആളില്ല )
ഇരുട്ട്മുറ്റിയവയുമാണ് (ഇരുളിടം, വെട്ടമില്ല).

ഈ ഇരുൾ മകന്റെ മനസ്സിലെ ഇരുട്ടിന്റെ കൂടി സൂചനയാണ്.

- കുറിപ്പുകാരന്റെ കൂട്ടിച്ചേർക്കൽ:

- ചങ്കിൽ കരച്ചിൽ കുരുങ്ങിപ്പിടഞ്ഞതും :

➢ ഓർമ്മകൾ മകനെ ശ്വാസം മുട്ടിക്കുകയാണ്. അമ്മയെ കുറിച്ചുള്ള ഓർമ്മകൾ പാപബോധത്തിന്റെ ആഴത്തിലുള്ള കരച്ചിൽ തന്നെ മകനിൽ ഉണ്ടാക്കുന്നുണ്ട്. എന്നാൽ പൊട്ടിക്കരയാൻ ആ മകൻ അശക്തനാണ്. കരച്ചിൽ തൊണ്ടയിൽ കുരുങ്ങി അയാൾക്ക് ശ്വാസം മുട്ടുന്നതായി അനുഭവപ്പെടുന്നു. ആ വേദനയിൽ അയാളുടെ മനസ്സ് പുളയുന്നു.

- പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ :

➢ ഓർമ്മകളിൽ നിന്നും മകൻ പെട്ടന്ന് യാഥാർഥ്യത്തിലേക്ക് വരികയാണ്..
➢ അമ്മയാണോ ആലോചനകളിൽ നിന്നും തന്നെ പിച്ചിയുണർത്തിയത് എന്നയാൾ സംശയിക്കുന്നു.
➢ പിച്ചുക എന്ന പദം ഇവിടെ ഏറെ ഹൃദ്യമാണ്.
➢ ദിവാസ്വപ്നം കാണുന്ന കുട്ടികളെ മുതിർന്നവർ പിച്ചിയുണർത്തുന്നതിന്റെ രസികത്തവും വാത്സല്യവും  ആ പദത്തിന് അവിടെ ഉണ്ടാക്കാൻ കഴിയുന്നു.

- കവിതയിലെ അഞ്ചാം ഖണ്ഡിക ചൊല്ലി വിശദീകരിച്ചു.

■ സ്വബുദ്ധി മറയും വരെ അമ്മ,
' തന്നെ കൊണ്ടു പോകാൻ' മകനോട് ആവശ്യപ്പെട്ട അമ്പല മുറ്റത്തേക്കാണ് പിന്നീട് മകൻ അമ്മയുമായി പോകുന്നത്.

■ ഇത്രയും കാലം മകൻ അമ്മയുടെ ആഗ്രഹത്തെ പൂർത്തീകരിച്ചില്ല. എന്നാൽ തിരിച്ചറിവുകൾ നഷ്ടമായപ്പോൾ അയാൾ അമ്മയെ ആ കോവിലിൽ എത്തിക്കുന്നു.

■ പെട്ടെന്ന് ആരെയോ കോവിലിനു മുന്നിൽ കാണുന്നു.

■ പുതിയ കാലത്തെ മക്കളുടെ പ്രവൃത്തികളിൽ ശാന്തത നഷ്ടപ്പെട്ട ഈശ്വരനാണോ അത് എന്ന് കവി സംശയിക്കുന്നു.

- ◆ കുറിപ്പുകാരന്റെ കൂട്ടിച്ചേർക്കൽ:
- ◆ സ്വയം ബുദ്ധികെട്ട് കരിന്തിരിയാളും വരെയവർ :
- ➢ സ്നേഹമെന്ന എണ്ണയാണ് ജീവനെന്ന തിരിയെ പ്രഭയുള്ളതാക്കി മാറ്റുന്നത്. സ്നേഹം വറ്റിപ്പോകുമ്പോൾ ജീവനും പ്രഭനഷ്ടപ്പെടുന്നു.
- ➢ കോവിലിൽ പോകണമെന്ന ആഗ്രഹം തന്റെ ബുദ്ധി കെടും വരെ അമ്മ മകനോട് പറഞ്ഞു കൊണ്ടേയിരിക്കുന്നുണ്ട്. എന്നാൽ അമ്മയുടെ നിരന്തരമായ പറച്ചിൽ മകന് ഒരു ശല്യമായിട്ടാണ് മാറുന്നത്.
- ➢ 'കരിന്തിരി' ഇവിടെ അമ്മയുടെ ആഗ്രഹങ്ങളുടെ തിരികെടൽ മാത്രമല്ല, അമ്മയുടെ ആസന്നമരണത്തിന്റെ സൂചന കൂടിയാണ്.
- ◆ ഒന്നെന്നെ കൊണ്ടുപോയീടണമെന്നുള്ള ശല്യപ്പെടുത്തൽ :
- ➢ മകന് ശല്യമായി മാറുന്ന, അമ്മയുടെ ആഗ്രഹം പറച്ചിൽ മാത്രമാകണമെന്നില്ല ഇത്.
- ➢ 'ഒന്നെന്നെകൊണ്ടുപോകണേ' എന്ന ദൈവത്തോടുള്ള അമ്മയുടെ പ്രാർത്ഥന കൂടിയാകാം ഇത്. ഈ ലോകത്തു നിന്നും എന്നെ ദൈവത്തിലേക്ക് കൂട്ടിക്കൊണ്ടു പോകണേ എന്ന പ്രാർത്ഥന.
- ◆ ശല്യം - അശാന്തത :
- ➢ ചില ശല്യങ്ങളാണ് നമ്മുടെ ശാന്തതയെ ഇല്ലാതാക്കുന്നത്.
- ➢ അമ്മയുടെ നിരന്തരമായ ആവശ്യപ്പെടൽ മകന് ശല്യമാകുന്നു.
- ➢ മനസ്സ് മടുത്ത് , തന്നെ അങ്ങോട്ട് വിളിക്കണേ എന്ന അമ്മയുടെ പ്രാർത്ഥന ഈശ്വരനും ശാന്തത നഷ്ടപ്പെടുത്തിയിരിക്കാം.
- ➢ അമ്മയെ ശല്യമായി കരുതുന്ന മക്കൾ,
- ➢ മക്കളാൽ മനസ്സുമടുത്ത അമ്മമാർ ,
- ➢ ഇവ ഈശ്വരന്റെ ശാന്തതയെ പോലും ഇല്ലാതാക്കിയിരിക്കുന്നു.
- ➢ അമ്പലനടയിൽ അമ്മമാരെ പുറന്തള്ളുന്ന പുതിയ കാലത്തെ മക്കൾ ശാന്തി പ്രദാനം ചെയ്യേണ്ട ഈശ്വരനെ പോലും അശാന്തനാക്കിയിരിക്കുന്നു.

**തുടർ പ്രവർത്തനം :**

1. പണ്ട് പനിച്ചു കിടന്ന കാലത്ത് തനിക്ക് ലഭിച്ച സൂചി പ്രയോഗത്തിന്റെ ഓർമ്മകൾ മകന്റെ ഇന്നത്തെ മാനസികാവസ്ഥക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ പ്പ
വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

തയ്യാറാക്കിയത്
നവാസ് മന്നൻ